# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. *96

05.03.2018-ന് മറുപടിയ്ക്ക്

## സർക്കാർ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് പദ്ധതി

**ചോദ്യം**

ശ്രീ.എ. പ്രദീപ്കുമാർ
,, കെ.വി.അബ്ദുൾ ഖാദർ
,, രാജു എബ്രഹാം
,, ആന്റണി ജോൺ

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) സർക്കാർ വിദ്യാലയങ്ങളിലെ പശ്ചാത്തല സൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) സർക്കാർ വിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br>• മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 141 സ്കൂളുകളിൽ 138 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br>• അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 229 സ്കൂളുകളിൽ 163 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും 70 സ്കൂളുകൾക്ക് കിഫ്ബി മുഖേനയുള്ള ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കൈറ്റിനെ തെരഞ്ഞെടുക്കുകയും അതിന്റെ നേതൃത്വത്തിൽ പദ്ധതി നിർവ്വഹണത്തിനായുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. |

- മണ്ഡലാടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ഇതിനോടകം 140 എൽ.പി/യു.പി. സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.
- സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള 4775 സ്കൂളുകളിൽ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.
- ജൈവവൈവിദ്ധ്യ പാർക്കുകൾ: 1200 സ്കൂളുകൾക്ക് മൂന്നുകോടി രൂപയ്ക്കുള്ള ഭരണാനുമതി ലഭ്യമാക്കുകയും ഇതിന്റെ ആദ്യഘട്ടമായി 10,000/- രൂപ വീതം അനുവദിക്കുകയും ചെയ്തു.

(ബി) സർക്കാർ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ കീഴിൽ സർക്കാർ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കി വരുന്നു.

- ഭൗതിക സൗകര്യ വികസനം
- ആധുനിക സാങ്കേതിക വിദ്യ സാധ്യതകൾ പ്രയോജനപ്പെടുത്തൽ
- എട്ട് മുതൽ പന്ത്രണ്ടാം ക്ളാസ്സ് വരെയുള്ള മുഴുവൻ ക്ളാസ്സ് മുറികളും ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- 1200 സ്കൂളുകളിൽ ജൈവവൈവിദ്ധ്യ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

<u>അക്കാദമികം</u>

- അക്കാദമിക മികവിന്റെ ഭാഗമായി ഭാഷാ വികാസത്തിനുള്ള പ്രവർത്തനങ്ങൾ
- ഗണിതം , ശാസ്ത്രം, സാമൂഹിക ശാസ്ത്രം തുടങ്ങിയവ കൂടുതൽ മെച്ചപ്പെടുത്താനുള്ള പഠനാനുഭവങ്ങൾ ഒരുക്കൽ

- വിദ്യാർത്ഥികളുടെ കായിക ക്ഷമത വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ
- എല്ലാ കുട്ടികളുടെയും സർഗ്ഗ വാസനകൾ വികസിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ
- മതനിരപേക്ഷ ജനാധിപത്യ ബോധം, പാരിസ്ഥിതികാവബോധം, ലിംഗാവബോധം തുടങ്ങി ഒരു ജനാധിപത്യ സമൂഹത്തിന് അനിവാര്യമായ മൂല്യ ബോധങ്ങൾ ഉളവാക്കാനാവശ്യമായ പ്രവർത്തനങ്ങൾ.
- കൃഷിയെ ഒരു സംസ്കൃതിയാക്കി മാറ്റാൻ സഹായകമായ പ്രവർത്തനങ്ങൾ
- ഹരിത പ്രോട്ടോക്കോൾ പാലിക്കാനാവശ്യമായ പ്രവർത്തനങ്ങൾ
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായുള്ള പ്രത്യേക പ്രവർത്തനങ്ങൾ
- സമൂഹത്തെ സ്കൂളുകളുമായി ബന്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ
- അദ്ധ്യാപകരെ സജ്ജമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

(സി) ഇതിനായി ഒരു സ്കൂളിന് സർക്കാർ ചെലവഴിക്കാവുന്ന പരമാവധി തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) വിവിധ പ്രവർത്തനങ്ങൾക്കായി സർക്കാർ ചെലവഴിക്കുന്ന പരമാവധി തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് - 5 കോടി രൂപ
- ഭൗതിക സാഹചര്യ വികസനത്തിന് - 3 കോടി രൂപ.
- 1200 സ്കൂളുകളിൽ ജൈവവൈവിദ്ധ്യ ഉദ്യാനം സ്ഥാപിക്കുന്നതിന് - ആദ്യഘട്ടമായി 10,000/ രൂപ വീതം
- എട്ട് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള മുഴുവൻ ക്ലാസ്സ് മുറികളും ഹൈടെക് ആക്കുക - ഓരോ സ്കൂളുകളുടെയും ആവശ്യങ്ങൾക്ക് ആനുപാതികമായി സാമ്പത്തിക സഹായം അനുവദിക്കുന്നു.

| | |
|---|---|
| (ഡി) ഈ പദ്ധതിയ്ക്കായി സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് ആരാണെന്നും ഇതിനകം എത്ര സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ഡി) വിവിധ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി അംഗീകൃത ഏജൻസികൾ മാസ്റ്റർപ്ലാൻ തയ്യാറാക്കേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിനായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സർക്കാർ അംഗീകൃത ഏജൻസിയായ 'കിറ്റ്കോ'യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള 141 സ്കൂളുകളിൽ 138 എണ്ണത്തിന് ഇതിനോടകം ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളിൽ 163 സ്കൂളുകൾക്ക് ഇതിനോടകം ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ